File No.GEDN-J3/30/2021-G.ED

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - പൂളിംഗ് അടിസ്ഥാനത്തിൽ നിയമിതരായ അധ്യാപകരുടെ പ്രൊബേഷൻ, ഗ്രേഡ്, ഇൻക്രിമെന്റ്, ശമ്പള പരിഷ്കരണം, പി.എഫ്, പെൻഷൻ തുടങ്ങിയവ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ (ജെ). വകുപ്പ്

സ.ഉ.(കൈ) നം.130/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1

04-10-2012 തീയതിയിലെ സ.ഉ (കൈ) നം. 312/2012/പൊ.വി.വ

2 05-12-2012 തീയതിയിലെ സ.ഉ (കൈ) നം. 383/2012/പൊവിവ

3 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 21.11.2015 ലെയും 24.12.2020 ലെയും എച്ച് 4/10191/2015/ഡി.പി.ഐ നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

കേരളത്തിലെ വിവിധ എയ്ഡഡ് സ്കൂളുകളിൽ അനുവദനീയമല്ലാതിരുന്ന തസ്തികകളിൽ നിയമനം ലഭിച്ച് അംഗീകാരം ലഭ്യമാകാത്ത സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ അദ്ധ്യാപകപാക്കേജിന്റെ അനുബന്ധമായി പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം എസ്.എസ്.എ യിൽ സി.ആർ.സി കോ-ഓർഡിനേറ്റർമാരായും തുടർന്ന് സർക്കാർ സ്കൂളുകൾ സംയോജിപ്പിച്ച് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരായും നിയമനം നൽകിയിരുന്നു. ടി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സർവ്വീസ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ, പ്രൊബേഷൻ, അംഗീകാരം, വാർഷിക ഇൻക്രിമെന്റ്, പി.എഫ് എന്നിവയിൽ വ്യക്തത വരുത്തണമെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെടുകയുണ്ടായി

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂളിംഗ് അടിസ്ഥാനത്തിൽ നിയമിതരായ അധ്യാപകരുടെ പ്രൊബേഷൻ, ഗ്രേഡ്, ഇൻക്രിമെന്റ്, ശമ്പള പരിഷ്കരണം, പി.എഫ്, പെൻഷൻ തുടങ്ങിയവ സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:-

1. പ്രൊബേഷൻ

പൂളിംഗ് അടിസ്ഥാനത്തിൽ നിയമിതരായ സ്പെഷ്യലിസ്റ്റ് അധ്യാപകരെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരായി കണക്കാക്കി പരാമർശം(1) ഉത്തരവു തീയതി മുതൽ നിയമനാംഗീകാരം നല്കി, പ്രൊബേഷൻ കാലാവധി രണ്ട് വർഷത്തിനുള്ളിലെ ഒരു വർഷമെന്ന് നിജപ്പെടുത്തി, പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബന്ധപ്പെട്ട ഉപജില്ല/ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

2. ഇൻക്രിമെന്റ്, ഗ്രേഡ്, ശമ്പള പരിഷ്കരണം മുതലായവ

പ്രൊബേഷൻ ഡിക്ളയർ ചെയ്താൽ ഇവർക്ക് മറ്റ് റഗുലർ ജീവനക്കാരെപ്പോലെ അവധി ആനുകൂല്യങ്ങൾ നല്കേണ്ടതും, ഇക്കാലയളവ് ഇൻക്രിമെന്റ്, ഗ്രേഡ്, ശമ്പള പരിഷ്കരണം മുതലായ ആനുകൂല്യങ്ങൾക്ക് പരിഗണിക്കേണ്ടതുമാണ്.

3. പി.എഫ്

പ്രസ്തുത അധ്യാപകർക്ക് കെ.എ.എസ്.ഇ.പി.എഫ് അംഗത്വം ബാധകമാക്കേണ്ടതാണ്.

4. പെൻഷൻ

കെ.എസ്.ആർ ഭാഗം III ചട്ടം 10 പ്രകാരം ഒരു ജീവനക്കാരന്റെ സേവനം ക്രമീകരിക്കുന്ന തീയതി മുതൽക്കു മാത്രമേ പെൻഷനു യോഗ്യ സേവനകാലമായി പരിഗണിക്കുകയുള്ളൂ. റഗുലറൈസ് ചെയ്ത തീയതിക്കു മുമ്പുള്ള സർവ്വീസ് പെൻഷനോ മറ്റു പെൻഷൻ ആനുകൂല്യങ്ങൾക്കോ പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ ടീച്ചേഴ്സ് പാക്കേജിൽ ഉൾപ്പെട്ട 1 3 3 സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ നിയമനം റെഗുലറൈസ് ചെയ്യുന്ന തീയതി മുതലുള്ള കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്കു പരിഗണിക്കാവുന്നതാണ്. 01-04-2013-നു ശേഷം റഗുലറൈസ് ചെയ്യുന്ന ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, KITE, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ ക്ക്.

ഉത്തരവിൻ പ്രകാരം

Validity unknown

Digitally signed by PARVATHY S A

സെക്ഷൻ

Date: 2021.02.2[illegible] 17:29:59 IST

Reason: Approved